# ി.എം.എൽ.പി സ്കൂൾ നെല്ലിക്കുത്ത് നോർത്ത്

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

# ആമുഖം

1956 ൽ സ്ഥാപിതമായ ജി.എം. എൽ പി സ്കൂൾ നെല്ലിക്കുത്ത് നോർത്ത് എന്ന വിദ്യാലയം നെല്ലിക്കുത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്രത്തിൽ നിറസാന്നിധ്യമായി തിളങ്ങിനിൽക്കുന്നു. നെല്ലിക്കുത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ പ്രധാന പങ്കു വഹിക്കുന്ന ഈ വിദ്യാലയത്തിൽ 2025-26 അധ്യയന വർഷത്തിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ 238 കുട്ടികളും പ്രീപ്രൈമറി ക്ലാസുകളിൽ 95കുട്ടികളും പഠിക്കുന്നുണ്ട്.

മനോഹരമായ കെട്ടിടവും എന്തും ഏറ്റെടുത്തു നടത്താൻ കൂടെ നിൽക്കുന്ന രക്ഷിതാക്കളും സ്കൂളിൻറെ ഭൗതിക കാര്യങ്ങൾ നോക്കി നടത്താൻ സന്നദ്ധരായി നിൽക്കുന്ന എസ് എം സി അംഗങ്ങളും ഈ സ്കൂളിൻറെ മുതൽക്കൂട്ടാണ്.ജൂണിലെ പ്രവേശനോത്സവം മുതൽ മാർച്ച് മാസത്തിലെ വാർഷികാഘോഷം വരെയുള്ള അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങൾ ചിട്ടയായ ആസൂത്രണത്തോടെ നടക്കുന്നു.

# ആമുഖം

1956 ൽ സ്ഥാപിതമായ ജിഎം എൽ പി സ്കൂൾ നെല്ലിക്കുത്ത് നോർത്ത് എന്ന വിദ്യാലയം നെല്ലിക്കുത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്രത്തിൽ നിറസാന്നിധ്യമായി തിളങ്ങിനിൽക്കുന്നു. നെല്ലിക്കുത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ പ്രധാന പങ്കു വഹിക്കുന്ന ഈ വിദ്യാലയത്തിൽ 2025-26 അധ്യയന വർഷത്തിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ 238 കുട്ടികളും പ്രിപ്രൈമറി ക്ലാസുകളിൽ 95കുട്ടികളും പഠിക്കുന്നുണ്ട്.

മനോഹരമായ കെട്ടിടവും എന്തും ഏറ്റെടുത്തു നടത്താൻ കൂടെ നിൽക്കുന്ന രക്ഷിതാക്കളും സ്കൂളിൻറെ ഭൗതിക കാര്യങ്ങൾ നോക്കി നടത്താൻ സന്നദ്ധരായി നിൽക്കുന്ന എസ് എം സി അംഗങ്ങളും ഈ സ്കൂളിൻറെ മുതൽക്കൂട്ടാണ്.ജൂണിലെ പ്രവേശനോത്സവം മുതൽ മാർച്ച് മാസത്തിലെ വാർഷികാഘോഷം വരെയുള്ള അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങൾ ചിട്ടയായ ആസൂത്രണത്തോടെ നടത്തിവരുന്നു.

## *STRENGTH*

- ◆സ്കൂളിൻറെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന എസ് എം സി
- ◆കർമ്മനിരതരായ കുട്ടികളുടെ സമഗ്ര വികസനത്തിന് പ്രാധാന്യം നൽകുന്ന സ്റ്റാഫ് അംഗങ്ങൾ
- ◆സ്കൂളിൻറെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് നല്ല സഹകരണമുള്ളജനപ്രതിനിധികളും പ്രാദേശിക ഭരണകൂടവും.
- ◆സ്കൂളിൻറെ പ്രവർത്തനങ്ങൾ ആഘോഷമാക്കി രക്ഷിതാക്കളും നാട്ടുകാരും.

## *SWOT ANALYSIS*

പൊതു വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളിന് സമഗ്രമായി വിശകലനം ചെയ്ത് അതിൻറെ ഭാഗമായി സ്കൂളിൻറെ ശക്തിയും ദൗർബല്യവും അവസരങ്ങളും മനസ്സിലാക്കാൻ കഴിഞ്ഞു. അതുപ്രകാരം സ്കൂളിൻറെ SWOT ANALYSIS അത്യാവശ്യമാണ്.ഈ തിരിച്ചറിവിൽ നിന്നുകൊണ്ട് ഞങ്ങൾ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നു.

## *WEAKNESS*

കുട്ടികൾക്ക് കൃത്യമായ അക്കാദമിക പിന്തുണ വീടുകളിൽ നിന്ന് നൽകാൻ രക്ഷിതാക്കൾക്ക് സാധിക്കാതെ വരുന്നത് ഒരു പരിമിതിയാണ്.വീടും വിദ്യാലയവും തമ്മിലുള്ള ഇഴയടുപ്പം വർദ്ധിക്കേണ്ടതുണ്ട്.ഭൗതിക സാഹചര്യങ്ങൾ ഒട്ടേറെ മെച്ചപ്പെട്ടിട്ടുണ്ട് എങ്കിലും സ്കൂളിന് സ്വന്തമായ വാഹന സൗകര്യം ഇല്ലാത്തതും അധിക ക്ലാസ് മുറികൾ ഇല്ലാത്തതും അസൗകര്യങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസിന് അനുസരിച്ചും നിലവാരത്തിന് അനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിക്കൽ.

- അഞ്ചുവർഷംകൊണ്ട് സ്കൂൾ വിട്ടു പുറത്തുവരുന്ന മുഴുവൻ കുട്ടികളും അനായാസം തൻറെ ആവശ്യങ്ങൾ ,താല്പര്യങ്ങൾ, അഭിലാഷങ്ങൾ , എന്നിവ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാക്കൽ.

- സ്വതന്ത്രമായി സർഗാത്മക രചനകളിൽ ഏർപ്പെടാനുള്ള ശേഷി വികസിപ്പിക്കൽ.

- ഭാഷയിലെ മികച്ച സൃഷ്ടികൾ കണ്ടെത്തി വായിക്കാനുള്ള താല്പര്യം വളർത്തിയെടുക്കൽ.

- വായന പരിപോഷിപ്പിക്കാൻ വൈവിധ്യമാർന്ന അവസരമൊരുക്കൽ.

- എല്ലാ കുട്ടികൾക്കും എഴുത്തും വായനയും ഉറപ്പുവരുത്തൽ.

- ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് സമഗ്രാസൂത്രണം സമയബന്ധിതമായി പൂർത്തിയാക്കൽ.

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും, ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാനും സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്.

# തനതു പ്രവർത്തനങ്ങൾ

| പേര് | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| GK മാസ്റ്റർ | ആഴ്ചയിൽ 5 ചോദ്യങ്ങൾ നൽകുന്നു. (ഒരു ദിവസം 1 എന്ന ക്രമത്തിൽ) മാസാവസാനം ക്വിസ് നടത്തി വിജയിയെ കണ്ടെത്തുന്നു. മാർച്ചിൽ മെഗാ ക്വിസ് നടത്തുന്നു. | വർഷം മുഴുവൻ<br>മാസത്തിൽ ഒന്ന് |
| കാലികം | സ്കൂളിന്റെ മെഗാ മാസികയിൽ കുട്ടികളുടെ മികച്ച രചനകൾ കോർത്ത് പ്രസിദ്ധീകരിക്കുന്നു. | വർഷത്തിൽ ഒന്ന്. |
| ഒപ്പം ഒപ്പത്തിനൊപ്പം | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ പിയർ ടീച്ചിംഗ് ലൂടെ മുന്നോട്ടെത്തിക്കാനുള്ള പ്രവർത്തന പരിപാടി (വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സമസംഘങ്ങൾ ഉൾപ്പെടുത്തി. | വർഷം മുഴുവൻ |
| EEP English Enhancement progr. | ഒഴുക്കോടെയും ആശയ വ്യക്തതയോടെയും സംസാരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്ന പഠന പരിപോഷണ പരിപാടി. | വർഷം മുഴുവൻ |

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാല സാഹിത്യകൃതികൾ, കഥകൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* ലളിതമായ വായനാകാർഡുകൾ നിർമിക്കുന്നു, വായിക്കുന്നു.
* ലിപി തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുവാക്യങ്ങൾ എഴുതുന്നു. വായിക്കുന്നു.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്നുറപ്പു വരുത്തുക.
* പല തരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തി എടുക്കുന്നു.
* സംയുക്ത ഡയറി തയ്യാറാക്കൽ
* വായനോത്സവത്തിൽ പങ്കെടുക്കൽ
* രചനോത്സവം, കഥോത്സവം എന്നിവയിൽ എല്ലാവരും സജീവമായി പങ്കെടുക്കൽ
* പാഠ്യരംഗങ്ങളിലെ മികച്ച പങ്കാളിത്തം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാകേളികളിലൂം പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംവദിപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | SMC |
| | 2) പാട്ടരങ്ങ് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ പാട്ടുകൾ താളത്തിൽ വിവിധ വാദ്യോപകരണങ്ങൾ ഉപയോഗിച്ച് പാടി അവതരിപ്പിക്കൽ | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | |
| | 3 സംയുക്ത ഡയറി രക്ഷിതാവിന്റെ സഹായത്തോടെ കൂടി ദൈനംദിന കാര്യങ്ങളിൽ പ്രധാനപ്പെട്ട | ജൂലൈ- മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാവ് | |

| | | | |
|---|---|---|---|
| കാര്യങ്ങൾ വേദിയിൽ പറയൽ | | | |
| 4. ചിത്രവായന | | | |
| വിവിധ ചിത്രങ്ങൾ വായിച്ച് ആശയങ്ങൾ പറയൽ. | ജൂൺ-മാർച്ച് | ക്ലാസ്റൂം | |
| 5. വായനോത്സവം | | | |
| വായന മൂല ഒരുക്കൽ, വായനദിനവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ. ബാലസാഹിത്യ കൃതികൾ, വായനാ കാർഡുകൾ എന്നിവ വായിക്കൽ. | ജൂൺ - മാർച്ച് | | |
| 6. ഓണോത്സവം | സെപ്റ്റംബർ-മാർച്ച് | | |

ថ្នាក់ <u>៧</u>

## മലയാളം

Class : 2

**പ്രവർത്തന ലക്ഷ്യം:**

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

| SL No | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| 1* | ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾകൊണ്ട്) | |
| 2* | ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ | ജൂൺ |
| 3* | വായനാ സാമഗ്രികൾ നിർമിക്കൽ | |
| 4* | ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ഉറപ്പാക്കുന്നു. | ജൂലായ് |
| 5* | സംയുക്ത ഡയറി | |
| 6* | സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി വീട്ടു ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു, പ്രവർത്തനക്ഷമമാക്കൽ | ജൂൺ |
| 7* | കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കൽ. | ആഗസ്റ്റ് |
| 8* | വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു. | ജൂൺ - മാർച്ച് |

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

| SL No | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 1 | വായിച്ച കഥകളിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ, ഉത്തരങ്ങൾ കണ്ടെത്തൽ. | ആഗസ്റ്റ് - ഫെബ്രുവരി |
| 2 | വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ. | |
| 3 | വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ. | |

ക്ലാസിലെ എല്ലാ കുട്ടികളെയും മെച്ചപ്പെട്ട ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാനുള്ള കഴിവുള്ളവരാക്കുക.

| SL No | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 1 | വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ | ഒക്ടോബർ മുതൽ |
| 2 | കവിതാപൂരണം | |
| 3 | കഥാപൂരണം. | |
| 4 | വരികൾ കൂട്ടിച്ചേർത്ത് പാടൽ | ഫെബ്രുവരി |
| 5 | ചിത്രവിവരണങ്ങൾ തയ്യാറാക്കൽ | |

ജി. എം. എൽ. പി. എസ് നെല്ലിക്കുന്ന് നോർത്ത്

അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26

വിഷയം : ഗണിതം ക്ലാസ് : 2

പഠന ലക്ഷ്യം :

വസ്തുക്കൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ തിരിച്ചറിയുന്ന പാറ്റേണുകൾ രൂപം നൽകുക. വിവിധ രൂപങ്ങൾ ചേർത്ത് പുതിയ ചിത്രങ്ങൾ രൂപീകരിക്കുക.

| പ്രവർത്തനം | കാലയളവ് |
|---|---|
| രൂപങ്ങൾ തിരിച്ചറിയൽ<br>പങ്കും തുല്യമാക്കൽ<br>വ്യത്യാസം പറയൽ<br>രൂപങ്ങൾ വരയ്ക്കൽ<br>ജിയോ ബോർഡ് നിർമാണം<br>പാറ്റേൺ വരയ്ക്കൽ<br>ഗണിത രൂപങ്ങൾ ഉപയോഗിച്ച് ചിത്രം വരച്ച് പതിപ്പ് തയാറാക്കൽ | ജൂൺ |

പഠന ലക്ഷ്യങ്ങൾ

നിത്യ ജീവിതവുമായി ബന്ധപ്പെട്ട 50 സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു പരിഹരിക്കുന്നു സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു.

| പ്രവർത്തനം | കാലയളവ് |
| --- | --- |
| സംഖ്യകൾ രൂപീകരിച്ച് എഴുതൽ<br>കൂട്ടങ്ങളെ പരസ്പരം താരതമ്യം ചെയ്ത് തുല്യം, കൂടുതൽ കുറവ് കണ്ടെത്തൽ, സംഖ്യകളെ അക്കത്തിലും അക്ഷരത്തിലും എഴുതൽ. സംഖ്യകൾ (50 ന് താഴെ) വ്യാഖ്യാന രൂപങ്ങൾ കണ്ടെത്തൽ<br>വലുതിൽ നിന്നും ചെറുതിലേക്ക് എഴുതൽ.<br>പ്രായോഗിക പ്രശ്ന നിർധാരണം | ജൂലായ് ഫെബ്രുവരി |

പഠനലക്ഷ്യങ്ങൾ

നിത്യജീവിതവുമായി ബന്ധപ്പെട്ട് 200 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു. സംഖ്യകൾ രൂപീകരിക്കുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നു. വായിക്കുകയും എഴുതുകയും ചെയ്യുന്നു.

| പ്രവർത്തനം | കാലയളവ് |
| --- | --- |
| സംഖ്യാ കാർഡ് ഉപയോഗിച്ച് സംഖ്യകൾ രൂപീകരിക്കൽ<br>സ്ഥാനവിലയനുസരിച്ച് സംഖ്യകളെ ചേർത്തെഴുതുകയും പിരിച്ചെഴുതുകയും<br>ബാഡ്ജ് നിർമ്മാണം<br>സംഖ്യകൾ ക്രമമായി എണ്ണൽ എഴുതൽ | നവംബർ / ഡിസംബർ |

പഠന ലക്ഷ്യങ്ങൾ

സങ്കലനം മനക്കണക്കായി ചെയ്യുക, രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്നതുമായി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്.

| പ്രവർത്തനം | കാലയളവ് |
| --- | --- |
| സംഖ്യാമാല തയ്യാറാക്കൽ | ഒക്ടോബർ |
| സോപ്പുകൾ എണ്ണി വെയ്ക്കൽ | ഫെബ്രുവരി |
| വിലവിവരപ്പട്ടിക വിശകലനം ചെയ്യൽ | |
| ഡൊമിനൊ കട്ടികൾ | |
| മനസിൽ കണക്കാക്കി പറയൽ | |
| നോട്ടുകളെ വ്യത്യസ്ത കൂട്ടങ്ങളായി വ്യാഖ്യാനിക്കൽ | |

പഠന ലക്ഷ്യങ്ങൾ

രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനക്രിയ ഉപയോഗിക്കുന്നു.

| പഠന പ്രവർത്തനം | കാലയളവ് |
| --- | --- |
| പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. | നവംബർ |
| വിലവിവരപ്പട്ടിക വിശകലനം ചെയ്യൽ | ഫെബ്രുവരി. |
| സംഖ്യാജോടികൾ കണ്ടെത്തൽ | |

English

Aims:

* To speak read and write english with out any mistakes.
* To develop english atmosphere in class room/school.
* All students are expected to read and write well in english.

June/July

pre test; To check the vocabulary and writting skills of pupils.

Listening skills.

* Games, Action songs, Hello english activities.
* Conversation, skit, stories using ICT

speaking skills.

* Identify the naming words and action words from the pictures.
* make simple sentence using the action words and naming words abut the picture.
* make simple descriptions about the picture
* self introduction, picture reading
* Text book activities.

speach, riddles.

August. september.

* picture card reading reading cards, simple. stories.

final words.

rhyming words.

describing words.

text book activities.

* word web picture description, Add more. lines, who am I.

October november.

* Reading variou reading meterials.
* conversation. skit, stories: role play
* picture description. Add more lines.
* self introduction.

December, January, february, march.

* Reading activies. conversation. role play. Annoucement. riddles.

CLASS III



# Academic master plan - English

**Aim . : To speak, Read, & write English without any mistakes**

**Time - June to march**

## PRETEST

To check the vocabulary and writing skills of pupils.

## June and July

-To develop listening skills & reading skills

***Listening skills***

1-Games, Action songs Hello English activities.

2 -conversations, skit, stories use ICT.

***Speaking skills***

1-Identify the naming words from the picture.

2-Identify the action words from the same pictures.

3-Make simple sentences using the action word and naming words about the picture.

4-Make symbol description about the picture.

5- Growing sentences , picture reading, self introduction Assembly are also cconducted.

ACTIVITIES - speech , book review, quiz riddles,self introduction. School radio etc.

**August and September**

Develop the creative speaking and writing

***Reading skills***

1-News paper reading, library books reading, book review, reading breaking news,

2-find words.

3-collect and read past tense,

4-rhyming words,

5-describing words etc

6-Textbook activities

***Writing skills***

1-Make word web,

2-picture description with describing words,

3-word chain sentence chain,

4-make words,& sentences

5-make riddles, conversations,

4-Add more lines.

ACTIVITIES -speech, book review, quiz riddles,self introduction. School radio, makes description, magazines etc.

## October and November

To express thoughts feelings etc.

***Reading skill***

1-News paper reading, library books reading, book review, reading

2 -conversations, skit, stories use ICT materials

3-Reads breaking news.

4--develop story,

5-Read notice

***Writing skills***

1-description ,

2-notice proclamation,

3-Thought

ACTIVITIES - speech, quiz, riddles,. School radio ,makes magazines, skits etc.

**December and January**

1-Develop the creative speaking and writing

2-To express thoughts feelings etc

***Reading skill***

1-News paper reading, library books reading, book review, reading

2 -conversations. skit stories use ICT materials

3-Reads breaking news,

4--develop story,

5-Reads diary

6-Reads letters from friends

***Writing skills***

1-diary

2-letter

3-Announcement,

ACTIVITIES - speech, quiz, riddles,. School radio ,makes magazines, skits , class room, post office, etc.

**February and march**

To improve the presentation power.

***Reading skill***

1-News paper reading, library books reading, book review, reading

2 -conversations, skit stories use ICT materials

3-Reads breaking news,

4--develop story,

5-Reads diary

6-Reads letters from friends

***Writing skills***

1-diary

2-letter

3-Announcement

4--description .

5-notice proclamation,

6-Thought

ACTIVITIES - speech, quiz, riddles,. School radio ,makes magazines, skits .

classroom post office , exhibition, etc.

# ജി.എം.എൽ.പി.എസ് നെല്ലിക്കുത്ത് നോർത്ത്
# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26.

ക്ലാസ് : 3 | വിഷയം: മലയാളം

**ലക്ഷ്യം** : നാടൻപാട്ട് ചൊല്ലിയിട്ടും സ്വയം താളം പിടിക്കും ചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

- വായ്ത്താരി നിർമ്മാണത്തിൽ സ്വയം പ്രാവീണ്യം നേടുക
- പഴഞ്ചൊല്ലുകളും നാട്ടു മൊഴിവഴക്കങ്ങളും സ്വന്തം ഭാഷാപ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്താൻ [illegible] പ്രാപ്തരാക്കുക.
- സാഹിത്യരചനകൾ (കവിത, വിവരണം, വായിച്ചു കേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **<u>വായ്ത്താരി ചന്തം</u>** .<br>• വ്യത്യസ്ത ഈണങ്ങളിലുള്ള വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു. അവതരിപ്പിക്കുന്നു.<br>**<u>വായ്ത്താരി മേളം</u>**<br>• ശേഖരിച്ച വായ്ത്താരികൾ പ്രഭാത സർഗ്ഗവേള, ബാലസഭ എന്നിവയിൽ അവതരണം.<br>• വ്യത്യസ്ത ഈണങ്ങളിൽ പാടാനുള്ള അവസരം.<br>• ശേഖരിച്ച വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ അടങ്ങിയ പതിപ്പ് തയ്യാറാക്കൽ.<br>• നാടൻപാട്ട് ശില്പശാല<br>• പാവനാടകം പരിചയപ്പെടുത്തൽ<br>• പാവനാടക അവതരണം | ജൂൺ |
| 2 | **<u>പഴഞ്ചൊൽ പൊലിമ</u>**<br>• പഴഞ്ചൊല്ലുകൾ ശേഖരണം<br>• പഴഞ്ചൊല്ലുകളിൽ അടങ്ങിയ ആശയാവിഷ്ക്കാരം<br>**<u>ഒരു ദിനം ഒരു പഴഞ്ചൊല്ല്</u>**<br>• കുട്ടികൾക്ക് ഒരു ദിനം ഒരു പഴഞ്ചൊല്ല് നൽകുന്നു. പഴഞ്ചൊല്ലിലെ ആശയങ്ങൾ [illegible] എഴുതിപ്പിക്കുന്നു.<br>• പഴഞ്ചൊൽ പൊലിമ എന്ന പതിപ്പ് നിർമ്മാണം | ജൂൺ -ജൂലായ് |

**ലക്ഷ്യം : ആശയ വ്യക്തതയോടെ അക്ഷരത്തെറ്റില്ലാതെ എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക**

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | • കുട്ടി കേട്ട ഒരു കഥ പറയൽ<br>• അവധിക്കാല അനുഭവങ്ങൾ പറയൽ<br>• ഞാനും മൂന്നാം ക്ലാസിലേക്ക് (രക്ഷിതാക്കൾക്ക് മൂന്നാം ക്ലാസിൽ കുട്ടി നേടേണ്ട ഭാഷാ ശേഷികളെ കുറിച്ച്, കുട്ടികൾക്ക് നൽകേണ്ട പിന്തുണയെ കുറിച്ച് ബോധവത്കരണ ക്ലാസ്) | ജൂൺ |
| 2 | • രക്ഷിതാക്കളുടെ സഹായത്താൽ അക്ഷര കാർഡുകൾ നിർമ്മിച്ചു നൽകുന്നു . വളരുന്ന അക്ഷരമരം (ഒരു കുട്ടിക്ക് ഒരു കൊമ്പ് ) ഓരോ കുട്ടിയും പഠിച്ച അക്ഷരങ്ങൾ ഇലയുടെ ആകൃതിയിൽ മരത്തിൽ ഒട്ടിക്കുക<br>• നിശ്ചിത പദങ്ങൾ ടെക്സ്റ്റിൽ നിന്നും കണ്ടെത്തൽ<br>• വീട്ടിലും ഒരു അക്ഷര മരം (രക്ഷിതാവ് )<br>• വീഡിയോ പ്രദർശനം (വാട്സപ്പ് ) | ജൂലൈ |
| 3 | • രക്ഷിതാക്കൾ , കുട്ടികൾ , എന്നിവർക്ക് വേണ്ടി അക്ഷര ചിത്രങ്ങൾ തയ്യാറാക്കുന്ന ശിൽപ്പശാല നടത്തുന്നു . തയ്യാറാക്കിയവയുടെ പ്രദർശനം<br>• അക്ഷര പൂരണം ( ചിത്രങ്ങൾ നൽകി )<br>• അക്ഷര കാർഡുകൾ നൽകി വാക്കു നിർമ്മാണം | ആഗസ്റ്റ് |
| 4 | • വളരുന്ന അക്ഷര ലൈബ്രറി ( ഓരോ ആഴ്ചയിലും 5 ദിവസത്തേക്ക് 5 അക്ഷരങ്ങൾ നൽകുന്നു ) . അക്ഷരവുമായി ബന്ധപ്പെട്ട വാക്കുകൾ പാത്രങ്ങൾ , മാസികകൾ എന്നിവയിൽ നിന്നും കണ്ടെത്തി വളരുന്ന അക്ഷര ലൈബ്രറിയിലേക്ക് ഒട്ടിക്കുന്നു . വായിക്കുന്നു<br>• ഓണപ്പതിപ്പ് ( ചിത്രങ്ങൾ , പദങ്ങൾ , പാട്ടുകൾ)<br>• ഫീൽഡ് ട്രിപ്പ് - കൃഷിയിടത്തിലേക്ക് (പച്ചക്കറികൾ തിരിച്ചറിയുന്നു . പേരുകൾ എഴുതുന്നു ) | സെപ്റ്റംബർ |
| 5 | • ചിത്രം നൽകി വായനാ കാർഡ് നിർമ്മാണം (രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ ) വായിക്കൽ<br>• പദ ചങ്ങല - പദങ്ങൾ ചേർത്ത് വാക്യമാക്കൽ<br>• ആഭരണം അണിയിക്കാം ( ചിഹ്നങ്ങൾ | ഒക്ടോബർ |

| | | |
|---|---|---|
| | ചേർക്കുന്ന പ്രവർത്തനം )<br>• ചിഹ്നങ്ങളും പദങ്ങളും നൽകിയ കാർഡ് നൽകി പദ നിർമ്മാണം<br>• തെറ്റ് തിരുത്തൽ | |
| 6 | • ചിത്രവായന<br>• ചിത്രം നോക്കി കഥ പറയാം<br>• ഗ്രൂപ്പിൽ പറയുന്ന പദം മറ്റു ഗ്രൂപ്പുകാർ പുസ്തകം , വായനാ കാർഡ് നോക്കി പറയൽ<br>• കഥാപാത്രങ്ങളെ കണ്ടെത്തൽ ( കഥയിൽ ആരൊക്കെ ) , സംഭാഷണം | നവംബർ |
| 7 | • കൂട്ട വായന - കുട്ടികൾ പരസ്പരം സഹായിച്ച് വായിക്കുന്നു<br>• വായന ചങ്ങല - വായനാ കാർഡ് നൽകൽ<br>• ചിത്രം നൽകി വിവരണം എഴുതൽ | ഡിസംബർ |
| 8 | • ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതൽ<br>• രക്ഷിതാക്കൾക്ക് കവിത രചന മത്സരം - തെരഞ്ഞെടുത്തവ ക്ലാസിൽ വായന കാർഡ് ആക്കൽ<br>• വായന കാർഡിൽ വരികൾ കൂട്ടി ചേർക്കൽ . രക്ഷിതാക്കളും കുട്ടികളും ആലപിച്ചവതരണം | ജനുവരി |
| 9 | • കുഞ്ഞു വായന ഗുണപാഠ കഥകളുടെ ചിത്രങ്ങൾ പുസ്തകങ്ങളായി നൽകുന്നു . ചിത്രങ്ങൾക്ക് താഴെ കഥാ സന്ദർഭം എഴുതി പൂർത്തിയാക്കൽ<br>• കൈയെഴുത്തു മാസിക<br>• ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് സ്വന്തം ഭാഷയിൽ കഥ പറയുക<br>• കഥ പൂർത്തിയാക്കൽ<br>• ചിത്രം നോക്കി കഥ പറയലും കഥ എഴുതലും | ഫെബ്രുവരി |
| 10 | • വായനാക്കളരി രക്ഷിതാക്കളും കുട്ടികളും ചേർന്ന് വായനകാർഡ് നിർമ്മാണം ,<br>• കഥാരചന അവതരണം | മാർച്ച് |

# ജി.എം.എൽ.പി.എസ്. നെല്ലിക്കുത്ത് നോർത്ത്.
# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025 - 26

വിഷയം: പരിസര പഠനം                                   ക്ലാസ് : 3

ലക്ഷ്യം 1 :- ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും ലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക.

| SI O | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1. | **ഞാനും എൻറെ പരിസരവും**<br>ജൈവവൈവിധ്യ ഉദ്യാന സന്ദർശനം. സസ്യങ്ങളെ പരിശോധിക്കാം ,പ്രത്യേകതകൾക്കനുസരിച്ച് തരംതിരിക്കാം; മരങ്ങൾ കുറ്റിച്ചെടികൾ വർഗീകരണം ;സ്യങ്ങളുടെ വളർച്ച രീതികൾ മനസ്സിലാക്കൽ ;<br>**പൂന്തോട്ടം ഒരുക്കാം**<br>• ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം<br>• സ്കൂൾ പൂന്തോട്ട നവീകരണം<br>• [illegible]<br>• [illegible] പൂന്തോട്ടം പരിപാലിക്കൽ | ജൂൺ - ജനുവരി |

ലക്ഷ്യം 2 - പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **പ്രകൃതി നടത്തം**<br>- ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>- പ്രത്യേകതകൾ മനസ്സിലാക്കാം<br>- വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>- ഫീൽഡ് ട്രിപ്പ്<br>- ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>- നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം ( ഫീൽഡ് ട്രിപ്പ് )<br>- പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം ( ഡോക്യുമെൻററി പ്രദർശനം)<br>- ചർച്ച - തെറ്റും ശരിയും | ജൂൺ - ഒക്ടോബർ |
| 2 | **പൂന്തോട്ടം ഒരുക്കാം**<br>- സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>- വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - മാർച്ച് |

| | | |
|---|---|---|
| 3 | **ഒരു തൈ നടാം**<br>- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ<br>- നട്ട വൃക്ഷത്തൈ പരിപാലിക്കൽ. | ജൂൺ |
| 4 | **പോസ്റ്റർ നിർമ്മാണം**<br>- പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>- പരിസരങ്ങളിൽ പതിക്കൽ. | മാർച്ച് - മെയ് |
| 5 | **ദാഹജലം**<br>- പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച് - മെയ് |

ലക്ഷ്യം 3
കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **ദിന കൃത്യങ്ങൾ**<br>- ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>- കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. | ജൂൺ - മാർച്ച് |
| 2 | **നമ്പർ വൺ**<br>- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>- വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ - മാർച്ച് |
| 3 | **പരിസര നടത്തം**<br>- നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ.<br>- മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ - ഡിസംബർ |
| 4 | **നല്ല ശീലം**<br>- പോസ്റ്ററുകൾ തയ്യാറാക്കാം<br>- പരിസരങ്ങളിൽ പതിക്കാം. | ജൂലൈ _ മാർച്ച് |

ലക്ഷ്യം 4
ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **ഫീൽഡ് ട്രിപ്പ്**<br>- നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാവ്, etc)<br>ഡിസംബർ - ഫെബ്രുവരി | ജനുവരി-മാർച്ച് |
| 2 | **പരീക്ഷണങ്ങൾ**<br>- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി |
| 3 | ശാസ്ത്രജ്ഞനോടൊപ്പം | ഡിസംബർ - |

# ജി.എം.എൽ.പി.എസ് നെല്ലിക്കുത്ത് നോർത്ത്.
# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26.

വിഷയം: ഗണിതം ക്ലാസ്: 3

ലക്ഷ്യം: 1

- നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു; തരംതിരിക്കുന്നു ;നിർമ്മിക്കുന്നു. നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജ്യാമിതിയുടെ ഭംഗി ആസ്വദിക്കുന്നു. രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു.നിത്യജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു. അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു;യുക്തി സമർഥിക്കുന്നു പാറ്റേണുകൾ വരയ്ക്കുന്നു.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| i. | പ്രവേശനോത്സവം<br>• വിവിധ ഗണിത രൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളുടെ നിർമ്മാണം.രൂപങ്ങൾ തിരിച്ചറിയൽ; പ്രത്യേകതകൾ മനസ്സിലാക്കൽ.<br>• ഗണിത രൂപങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആശംസാ കാർഡ് നിർമ്മാണം.<br>• തോണി നിർമ്മാണം: രൂപങ്ങൾ കണ്ടെത്തൽ :<br>• ഗണിതരൂപങ്ങൾ ഉപയോഗിച്ച വിവിധ ചിത്രങ്ങൾ തയ്യാറാക്കൽ.<br>• ഗണിതരൂപ ചിത്ര പതിപ്പ് നിർമ്മാണം ; ചിത്ര പാറ്റേണുകൾ പരിചയപ്പെടൽ:<br>• ചിത്ര പാറ്റേൺ മാഗസിൻ തയ്യാറാക്കൽ.<br>• ജിയോ ബോർഡ് നിർമ്മാണം.<br>• വെജിറ്റബിൾ പ്രിന്റിങ് തയ്യാറാക്കൽ.<br>• തീപെട്ടി കമ്പ് ഉപയോഗിച്ചു കൊണ്ടുള്ള വിവിധ ഗണിത രൂപങ്ങളുടെ നിർമ്മാണം. | ജൂൺ |

ലക്ഷ്യം 3 :- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള [illegible] ഉറപ്പിക്കൽ. അവസരം ഒരുക്കൽ.

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | ക്ലാസിൽ ഒരു കട (കുഞ്ഞുകട ) / കച്ചവട കണക്ക്<br>- കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, അരി etc.<br>[illegible] വില നൽകി കട ക്രമീകരിക്കുന്നു.<br>- ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിന്നു.<br>- ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>- കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി ഒരുക്കുന്നു.<br>കടക്കാരനും കസ്റ്റമറും കുട്ടികൾ തന്നെ.<br>- സാധനം വാങ്ങുകയും പണം (കളിനോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>- ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>- പ്രയാസങ്ങൾ ഗ്രൂപ്പിൽ /അദ്ധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | ഫെബ്രുവരി |
| 2 | സമയ ചക്രം<br>- ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു.(am / pm)<br>- സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു | ജൂലൈ |

ലക്ഷ്യം 4 :-

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | സംഖ്യ ചക്രം<br>സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>- അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം | ജൂലൈ - മാർച്ച് |
| 2 | ഭാഗ്യവാനെ കണ്ടെത്താം<br>- അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>- വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>- ക്രിയ ചെയ്യാം<br>- ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | ജൂലൈ - ഫെബ്രുവരി |
| 3 | ജോഡികണ്ടെത്താം<br>- വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.'<br>- കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>- കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. | ഓഗസ്റ്റ് - ഫെബ്രുവരി |

**GMLPS NELLIKUTH NORTH**

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തകപരിചയം വായനാ കുറിപ്പ് ആസ്വാദ കുറിപ്പ്. പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചായങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

## GMLPS NELLIKUTH NORTH

# English – Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| ...ലീഷ് ...ഴുമായി വായി...ാനും ...സാരിക്കാനും ...ഴിവുണ്ടാവുമുള്ള ...ൾ മെച്ചപ്പെടു...ത്ത് | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ...ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| ...റ്റില്ലാതെ ...ലീഷ് എഴുതാ...ള്ള കഴി... | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുക. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ...ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| ...ർഗാത്മകതാ പരി...പോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ...ലീഷ് മാസിക | | | | |
| ...ർഗാത്മകതാ ...പോഷണം ...വികാസം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |
| ...ലീഷ് [illegible] | | | | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാക്കുറിപ്പ് പുസ്തക പരിചയം | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ് | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുള്ളവരാക്കൽ | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | HM<br>Class<br>Teacher<br>SMC<br>Class PTA | PTA fund SM |

GMLPS NELLIKUTH NORTH

## പരിസരപഠനം (Std IV)

| പ്രകൃതി നടത്തം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| നിരീക്ഷണം- അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ ര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മേഖിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസംശ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# ഗണിതം (Std IV)

| കളിക്കാം,ഗണിക്കാം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം. | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| ഗണിതലാബ് | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ തരൽ | ഗണിത ച്ചുമർ ഗിക തൽ യോഗപ്പെടു | വർഷം മുഴുവൻ | PTA | ക്ലാസ് ടീച്ചർ |
| ഗണിതപഠനോപകരണശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉത്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

# ACADEMIC MASTER PLAN 2025-26

# LP ARABIC

# GMLPS NELLIKUTH NORTH

**വിഷയം : അറബി ഭാഷ**

**ക്ലാസ് : 1 മുതൽ 4 വരെ**

**ലക്ഷ്യം :-**

അറബി ഭാഷയെ അടിസ്ഥാനപരമായി മനസ്സിലാക്കാനും ലളിതമായ സംഭാഷണങ്ങൾ നടത്താനും അറബി അക്ഷരമാലയും വാക്കുകളും തിരിച്ചറിയാനും വായിക്കാനും എഴുതാനുമുള്ള കഴിവ് വിദ്യാർത്ഥികളിൽ വളർത്തുക.

## പൊതുവായ പഠന ലക്ഷ്യങ്ങൾ:- (Overall Learning Objectives)

* അറബി അക്ഷരമാല ശരിയായി ഉച്ചരിക്കാനും എഴുതാനും പഠിക്കുക.
* അടിസ്ഥാന അറബി വാക്കുകളും ശൈലികളും മനസ്സിലാക്കുക.
* ലളിതമായ അറബി സംഭാഷണങ്ങളിൽ ഏർപ്പെടാൻ പ്രേരിപ്പിക്കുക.
* അറബി ഭാഷയോടും സംസ്കാരത്തോടും താൽപ്പര്യം വളർത്തുക.
* അറബിയിലെ ചെറിയ വാക്യങ്ങൾ വായിക്കാനും എഴുതാനും പരിശീലിപ്പിക്കുക.

## പഠന രീതിശാസ്ത്രം (Methodology)

* കളികളിലൂടെയും പാട്ടുകളിലൂടെയുമുള്ള പഠനം (Play-way method, songs).
* ചിത്രങ്ങളും ഫ്ലാഷ് കാർഡുകളും ഉപയോഗിച്ചുള്ള പഠനം (Pictures, flashcards).
* കഥപറച്ചിൽ (Storytelling).
* സംഭാഷണങ്ങൾക്കും റോൾ പ്ലേക്കും പ്രാധാന്യം (Conversations, role-play).
* പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനം (Activity-based learning).
* ഡിജിറ്റൽ പഠനോപകരണങ്ങളുടെ ഉപയോഗം (Digital learning tools).

## മൂല്യനിർണ്ണയം (Assessment)

* ഇടർച്ചയായ ക്ലാസ് റൂം നിരീക്ഷണം (Continuous classroom observation).
* വാക്കറിവ് പരിശോധന (Vocabulary tests).
* വായനാശേഷി വിലയിരുത്തൽ (Reading comprehension).
* എഴുത്ത് പരീക്ഷകൾ (Writing tests - അക്ഷരങ്ങൾ, വാക്കുകൾ).
* സംഭാഷണ ശേഷി വിലയിരുത്തൽ (Oral assessments).

## ക്ലാസ് തിരിച്ചുള്ള പാഠ്യപദ്ധതി രൂപരേഖ (Class-wise Syllabus Outline)

### ഒന്നാം ക്ലാസ് (Grade 1)

**പ്രധാന ലക്ഷ്യങ്ങൾ**

അറബി അക്ഷരങ്ങൾ പരിചയപ്പെടുക, അടിസ്ഥാനപരമായ വാക്കുകൾ പഠിക്കുക.

* അക്ഷരമാല: അറബി അക്ഷരങ്ങൾ (حروف الهجائية) ശരിയായ ഉച്ചാരണത്തോടെ പഠിപ്പിക്കുക. (ا ب ت)

* അക്ഷരങ്ങളുടെ രൂപങ്ങൾ: അക്ഷരങ്ങൾ വാക്കുകളിൽ വരുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങൾ ലളിതമായി പരിചയപ്പെടുത്തുക.

* അടിസ്ഥാന വാക്കുകൾ: എണ്ണം (1-5), നിറങ്ങൾ, പഴങ്ങൾ, മൃഗങ്ങൾ മുതലായ ലളിതമായ വാക്കുകൾ ചിത്രങ്ങളിലൂടെ പരിചയപ്പെടുത്തുക.

* അടിസ്ഥാന സംഭാഷണങ്ങൾ: 'അസ്സലാമു അലൈക്കും', 'വഅലൈകുമുസ്സലാം' أهلاً وسهلاً، شكراً പോലുള്ള അഭിവാദ്യങ്ങളും ലളിതമായ പ്രതികരണങ്ങളും.

* പാട്ടുകൾ: അറബി അക്ഷരമാല പാട്ടുകൾ, ലളിതമായ വിഷയങ്ങളെക്കുറിച്ചുള്ള പാട്ടുകൾ.

| കാലയളവ് ;- | ജൂൺ മുതൽ മാർച്ച് വരെ |
|---|---|

### രണ്ടാം ക്ലാസ് (Grade 2)

**പ്രധാന ലക്ഷ്യങ്ങൾ**

അക്ഷരങ്ങളെ കൂട്ടി വാക്കുകൾ വായിക്കാൻ പഠിക്കുക, കൂടുതൽ വാക്കുകളും ലളിതമായ വാക്യങ്ങളും പരിചയപ്പെടുക.

* അക്ഷരങ്ങളുടെ പുനരവലോകനം: ഒന്നാം ക്ലാസ്സിൽ പഠിച്ച അക്ഷരങ്ങൾ ഉറപ്പിക്കുക.

* വായിക്കാൻ പഠിക്കുക: അക്ഷരങ്ങളെ കൂട്ടി ലളിതമായ ദ്വി-അക്ഷര, ത്രി-അക്ഷര വാക്കുകൾ വായിക്കാൻ പരിശീലിപ്പിക്കുക.

* വാക്കുകൾ: കുടുംബാംഗങ്ങൾ, സ്കൂളിലെ വസ്തുക്കൾ, ശരീരഭാഗങ്ങൾ, ദിനങ്ങൾ തുടങ്ങിയ കൂടുതൽ വാക്കുകൾ.

* ചെറിയ വാക്യങ്ങൾ: 'ഇത് ഒരു പേനയാണ്' (هذا قلم), 'എന്റെ പേര്...' (اسمي...) തുടങ്ങിയ ലളിതമായ വാക്യങ്ങൾ.

* എണ്ണം: 1-10 വരെ അറബിയിൽ എണ്ണാൻ പഠിപ്പിക്കുക.

* ലളിതമായ സംഭാഷണങ്ങൾ: പേര് ചോദിക്കാനും പറയാനും, എവിടെ നിന്ന് വരുന്നു എന്ന് ചോദിക്കാനും പറയാനും.

* കഥകൾ: ചിത്രങ്ങളോടുകൂടിയ ലളിതമായ അറബി കഥകൾ പരിചയപ്പെടുത്തുക.

| | |
|---|---|
| **കാലയളവ് ;-** | **ജൂൺ മുതൽ മാർച്ച് വരെ** |

## മൂന്നാം ക്ലാസ് (Grade 3)

### പ്രധാന ലക്ഷ്യങ്ങൾ

ലളിതമായ അറബി വാക്യങ്ങൾ വായിക്കാനും എഴുതാനും, സംഭാഷണശേഷി മെച്ചപ്പെടുത്താനും.

* വായിക്കാനും എഴുതാനും: ലഘു വാക്യങ്ങൾ വായിക്കാനും എഴുതാനും പരിശീലിപ്പിക്കുക. (ഉദാഹരണത്തിന്: الكتاب علي الطاولة)

* വാക്കറിവ് വർദ്ധിപ്പിക്കുക: വിവിധ പ്രൊഫഷനുകൾ, സ്ഥലങ്ങൾ, പൊതുവായ ക്രിയകൾ (ذهب, جلس, أكل) എന്നിവ പരിചയപ്പെടുത്തുക.

* * വ്യാകരണത്തിന്റെ അടിസ്ഥാനം:* ലിംഗഭേദം (مذكر و مؤنث), ഏകവചനം/ബഹുവചനം (مفرد و جمع) എന്നിവയുടെ അടിസ്ഥാന ധാരണ നൽകുക.

* സംഭാഷണം: ദിവസേനയുള്ള കാര്യങ്ങളെക്കുറിച്ച് ലളിതമായ സംഭാഷണങ്ങൾ നടത്താൻ പ്രോത്സാഹിപ്പിക്കുക (ഉദാ: സ്കൂളിനെക്കുറിച്ച്, കളികളെക്കുറിച്ച്).

* ചെറിയ ഖണ്ഡികകൾ: 2-3 വാക്യങ്ങളുള്ള ചെറിയ ഖണ്ഡികകൾ വായിക്കാനും അർത്ഥം മനസ്സിലാക്കാനും പരിശീലിപ്പിക്കുക.

* എണ്ണം: 1-20 വരെ എണ്ണാൻ പഠിപ്പിക്കുക.

| | |
|---|---|
| **കാലയളവ് ;-** | **ജൂൺ മുതൽ മാർച്ച് വരെ** |

## നാലാം ക്ലാസ് (Grade 4)

### പ്രധാന ലക്ഷ്യങ്ങൾ

അറബി ഭാഷയിൽ കൂടുതൽ ആത്മവിശ്വാസം വളർത്തുക, ലഘുവായ വിഷയങ്ങളെക്കുറിച്ച് സംസാരിക്കാനും എഴുതാനും പരിശീലിപ്പിക്കുക.

* വായനയും എഴുത്തും: ചെറിയ ഖണ്ഡികകളും ലളിതമായ കത്തുകളും വായിക്കാനും മനസ്സിലാക്കാനും, ലളിതമായ വിഷയങ്ങളെക്കുറിച്ച് 3-4 വാക്യങ്ങൾ എഴുതാനും പരിശീലിപ്പിക്കുക.

* വ്യാകരണം: സർവ്വനാമങ്ങൾ (هو, هي, أنا, نحن), ക്രിയാ രൂപങ്ങൾ (فعل ماضي - ഭൂതകാലം) എന്നിവയുടെ അടിസ്ഥാനം.

* സംഭാഷണം: സ്വന്തം താൽപ്പര്യങ്ങൾ, ഇഷ്ടമുള്ള കാര്യങ്ങൾ, ദിനചര്യ എന്നിവയെക്കുറിച്ച് ലളിതമായി സംസാരിക്കാൻ.

* വാക്കറിവ്: കാലാവസ്ഥ, യാത്ര, ആഘോഷങ്ങൾ തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട വാക്കുകൾ.

* എണ്ണം: 1-50 വരെ എണ്ണാനും അതിനപ്പുറം വലിയ സംഖ്യകൾ പരിചയപ്പെടുത്താനും.

* സാംസ്കാരിക ഘടകങ്ങൾ: അറബ് രാജ്യങ്ങളെക്കുറിച്ചും അവരുടെ സംസ്കാരത്തെക്കുറിച്ചുമുള്ള ലളിതമായ വിവരങ്ങൾ.

| | |
|---|---|
| **കാലയളവ് ;-** | **ജൂൺ മുതൽ മാർച്ച് വരെ** |

## മാസ്റ്റർ പ്ലാൻ നടപ്പാക്കൽ (Implementation of Master Plan)

* പാഠപുസ്തകങ്ങൾ/അധ്യായങ്ങൾ: ഓരോ ക്ലാസിനും അനുയോജ്യമായ പാഠപുസ്തകങ്ങളും പഠന സാമഗ്രികളും തിരഞ്ഞെടുക്കുക.
* പ്രവർത്തനങ്ങൾ: ഓരോ ആഴ്ചയിലും അല്ലെങ്കിൽ യൂണിറ്റിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുക.
* പഠന പ്രവർത്തനങ്ങൾ , പഠന പുരോഗതി ,പഠന വിടവ് ,പരിഹാരങ്ങൾ SRGയോഗങ്ങളിൽ ചർച്ച ചെയ്യുന്നു .
* രക്ഷാകർതൃ പങ്കാളിത്തം: കുട്ടികളുടെ പഠന പുരോഗതിയെക്കുറിച്ച് രക്ഷിതാക്കളെ അറിയിക്കുകയും വീട്ടിൽ അറബി ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകാൻ നിർദ്ദേശിക്കുകയും ചെയ്യുക.

## അറബി ഭാഷ 1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ പഠിപ്പിക്കാൻ ലളിതമായ പ്രവർത്തനങ്ങൾ താഴെ നൽകുന്നു:

* കളികളിലൂടെയുള്ള പഠനം (Learning through Games)

* അറബി അക്ഷരമാല പാട്ട്: അറബി അക്ഷരങ്ങൾ രസകരമായ ഈണത്തിൽ പാടി പഠിപ്പിക്കുക. ഓരോ അക്ഷരത്തിനും അതിന്റേതായ ചിത്രങ്ങളോ ആംഗ്യങ്ങളോ ഉപയോഗിക്കാം.
* അക്ഷര പെട്ടി: ഒരു പെട്ടിയിൽ അറബി അക്ഷരങ്ങൾ എഴുതിയ കാർഡുകൾ ഇടുക. ഓരോ കുട്ടിക്കും ഓരോ കാർഡ് എടുക്കാനും അതിലെ അക്ഷരം ഉച്ചരിക്കാനും അതിൽ തുടങ്ങുന്ന ഒരു വാക്ക് പറയാനും അവസരം നൽകുക.
* വാക്കുകളുടെ കളി: ചിത്രങ്ങൾ കാണിച്ച് അറബി വാക്കുകൾ പറയാൻ കുട്ടികളെ പ്രേരിപ്പിക്കുക. ഉദാഹരണത്തിന്, ഒരു ആപ്പിളിന്റെ ചിത്രം കാണിച്ച് "تفاح" (തുഫ്ഫാഹ്) എന്ന് പറയാൻ ആവശ്യപ്പെടുക.
* സംഖ്യാ കളി: 1 മുതൽ 10 വരെയുള്ള അറബി സംഖ്യകൾ ഓരോ കുട്ടിക്കും ഓരോന്നായി പറയാൻ അവസരം നൽകുക. സംഖ്യകൾ എഴുതിയ കാർഡുകൾ ഉപയോഗിച്ച് ഇത് രസകരമാക്കാം.
* നിറം കണ്ടുപിടിക്കൽ: വിവിധ നിറങ്ങളിലുള്ള വസ്തുക്കൾ ക്ലാസ്സിൽ വെക്കുക. ഓരോ നിറത്തിന്റെയും അറബി പേര് പഠിപ്പിക്കുകയും ആ നിറത്തിലുള്ള വസ്തുക്കൾ കണ്ടുപിടിക്കാൻ കുട്ടികളോട് ആവശ്യപ്പെടുകയും ചെയ്യുക.

കേട്ടും പറഞ്ഞുമുള്ള പഠനം (Auditory and Oral Learning)

* ചെറിയ അറബി കഥകൾ: ലളിതമായ അറബി കഥകൾ ക്ലാസ്സിൽ വായിക്കുകയോ പറഞ്ഞ് കൊടുക്കുകയോ ചെയ്യുക. കഥാപാത്രങ്ങളുടെ ശബ്ദം അനുകരിച്ച് കഥ കൂടുതൽ രസകരമാക്കാം.
* അറബി അഭിവാദ്യങ്ങൾ: "السلام عليكم" (സമാധാനം നിങ്ങളിൽ വർഷിക്കട്ടെ), "كيف الحال؟" (എന്തൊക്കെയുണ്ട്?) തുടങ്ങിയ സാധാരണ അറബി അഭിവാദ്യങ്ങൾ പഠിപ്പിക്കുകയും പരസ്പരം അഭിവാദ്യം ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യുക.

* ചോദ്യോത്തര വേള: ലളിതമായ അറബി ചോദ്യങ്ങൾ ചോദിച്ച് ഉത്തരങ്ങൾ പറയാൻ കുട്ടികളെ പ്രേരിപ്പിക്കുക. ഉദാഹരണത്തിന്, "ما اسمك?" (നിന്റെ പേരെന്താ?)

* അറബി കവിതകൾ/പാട്ടുകൾ: കുട്ടികൾക്ക് എളുപ്പത്തിൽ പഠിക്കാൻ കഴിയുന്ന ചെറിയ അറബി കവിതകളും പാട്ടുകളും പഠിപ്പിക്കുക. അഭിനയിച്ച് പാടാൻ പ്രേരിപ്പിക്കുക.

* അറബിയിൽ സ്വയം പരിചയപ്പെടുത്തൽ: എന്റെ പേര്, ഞാൻ പഠിക്കുന്ന ക്ലാസ്സ് തുടങ്ങിയ ലളിതമായ കാര്യങ്ങൾ അറബിയിൽ പറയാൻ കുട്ടികളെ പരിശീലിപ്പിക്കുക.

എഴുത്തും വരയുമടങ്ങിയ പ്രവർത്തനങ്ങൾ (Writing and Drawing Activities)

* അക്ഷരങ്ങൾ വരച്ച് പഠിക്കാം: അറബി അക്ഷരങ്ങൾ മണലിലോ സ്ലേറ്റിലോ വിരൽ കൊണ്ട് വരച്ച് പഠിപ്പിക്കുക. വലിയ പേപ്പറുകളിൽ കളർ പെൻസിലുകൾ ഉപയോഗിച്ച് വരയ്ക്കാനും പ്രേരിപ്പിക്കുക.

* ചിത്രങ്ങൾക്ക് പേര് നൽകൽ: മൃഗങ്ങൾ, പക്ഷികൾ, പഴങ്ങൾ തുടങ്ങിയവയുടെ ചിത്രങ്ങൾ കാണിച്ച് അവയുടെ അറബി പേരുകൾ എഴുതാൻ പ്രേരിപ്പിക്കുക.

* ചെറിയ വാക്കുകൾ എഴുതൽ: പഠിച്ച അറബി അക്ഷരങ്ങൾ ഉപയോഗിച്ച് ലളിതമായ വാക്കുകൾ എഴുതാൻ പഠിപ്പിക്കുക.

* അക്ഷരപ്പൊരുത്തം: വലിയ അക്ഷരങ്ങളും ചെറിയ അക്ഷരങ്ങളും തമ്മിൽ ചേരുംപടി ചേർക്കാൻ നൽകുക.

* നിറം നൽകാം: അറബി അക്ഷരങ്ങളോ ലളിതമായ ചിത്രങ്ങളോ വരച്ചുകൊടുത്ത് അവയ്ക്ക് നിറം നൽകാൻ ആവശ്യപ്പെടുക.

ക്രിയാത്മക പ്രവർത്തനങ്ങൾ (Creative Activities)

* അറബി പദാവലി ഭിത്തി: ക്ലാസ്സ് മുറിയിൽ അറബി വാക്കുകളും അവയുടെ ചിത്രങ്ങളും വെച്ച ഒരു ബോർഡ് തയ്യാറാക്കുക. ഓരോ ദിവസവും പുതിയ വാക്കുകൾ അതിൽ ചേർക്കുക.

* അറബി വേഷം: അറബി വേഷങ്ങൾ ധരിച്ച് ക്ലാസ്സിൽ വരാനും അറബിയിൽ സംസാരിക്കാനും അവസരം നൽകുക.

* അറബി നാടകം: ലളിതമായ ഒരു അറബി നാടകം അവതരിപ്പിക്കുക. കുട്ടികളെ കഥാപാത്രങ്ങളാക്കുകയും ലളിതമായ സംഭാഷണങ്ങൾ അറബിയിൽ സംസാരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.

* പദസമ്പത്ത് ശേഖരണം: ഓരോ ദിവസവും പഠിക്കുന്ന പുതിയ അറബി വാക്കുകൾ ഒരു ചെറിയ പുസ്തകത്തിൽ ചിത്രങ്ങളോടൊപ്പം എഴുതി സൂക്ഷിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

* അറബി പാചകം: അറബി വിഭവങ്ങളെക്കുറിച്ചോ അവയുടെ പേരിനെക്കുറിച്ചോ ലളിതമായി പഠിപ്പിക്കുക. ഉദാഹരണത്തിന്, "خبز" (റൊട്ടി), "تمر" (ഈത്തപ്പഴം) തുടങ്ങിയവ.

## 1. അടിസ്ഥാനപരമായ ഭാഷാ പഠനം (Basic Language Acquisition)

* അക്ഷരമാല പഠനം: അറബി അക്ഷരങ്ങൾ ചിത്രങ്ങളോടും പാട്ടുകളോടും ഒപ്പം പരിചയപ്പെടുത്തുക. ഓരോ അക്ഷരത്തിനും അതിന്റേതായ ചിത്രവും ശബ്ദവും നൽകുന്നത് കുട്ടികൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ സഹായിക്കും. ഉദാഹരണത്തിന്, 'അലിഫ്' എന്ന അക്ഷരത്തിന് 'അർനബ്' (മുയൽ) എന്ന വാക്കും ചിത്രവും നൽകുക.

* വാക്കുകൾ പഠനം: സാധാരണയായി ഉപയോഗിക്കുന്ന അറബി വാക്കുകൾ (നിറങ്ങൾ, മൃഗങ്ങൾ, പഴങ്ങൾ, ശരീരഭാഗങ്ങൾ) ചിത്രീകരണങ്ങളിലൂടെയും ഫ്ലാഷ് കാർഡുകളിലൂടെയും പഠിപ്പിക്കുക. സംഭാഷണങ്ങളിലൂടെയും ഈ വാക്കുകൾ പരിചയപ്പെടുത്താം.

* ലഘുവായ സംഭാഷണങ്ങൾ: 'എന്റെ പേര്...', 'സുഖമാണോ?' തുടങ്ങിയ ലളിതമായ ചോദ്യോത്തരങ്ങളും സംഭാഷണങ്ങളും പരിശീലിപ്പിക്കുക. റോൾ പ്ലേയിലൂടെ ഇത് കൂടുതൽ രസകരമാക്കാം.

* സംഖ്യകൾ പഠനം: 1 മുതൽ 10 വരെയുള്ള അറബി സംഖ്യകൾ പാട്ടുകളിലൂടെയും കളികളിലൂടെയും പഠിപ്പിക്കുക.

## 2. സർഗ്ഗാത്മക പ്രവർത്തനങ്ങൾ (Creative Activities)

* അറബി പാട്ടുകൾ: അറബി ഭാഷയിലുള്ള ലളിതമായ പാട്ടുകൾ, പ്രത്യേകിച്ച് കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന ഈണങ്ങളിലുള്ളവ, പഠിപ്പിക്കുക. പാട്ടുകൾ അഭിനയിച്ച് പാടുന്നത് കൂടുതൽ ഫലപ്രദമാണ്.

* ചിത്രരചനയും കളറിംഗും: അറബി അക്ഷരങ്ങളും വാക്കുകളും വരയ്ക്കാനും നിറം നൽകാനും പ്രോത്സാഹിപ്പിക്കുക. അറബി വാക്കുകളുള്ള ചിത്രങ്ങൾ നൽകി അവയ്ക്ക് നിറം നൽകാൻ ആവശ്യപ്പെടാം.

* കഥപറച്ചിൽ: ലളിതമായ അറബി കഥകൾ ചിത്രങ്ങളോടൊപ്പം പറഞ്ഞു കൊടുക്കുക. കുട്ടികളെക്കൊണ്ട് കഥയിലെ കഥാപാത്രങ്ങളെ അനുകരിപ്പിക്കുകയും ലളിതമായ അറബി വാക്കുകൾ ഉപയോഗിച്ച് സംസാരിപ്പിക്കുകയും ചെയ്യാം.

* അറബി ഗെയിമുകൾ: അറബി വാക്കുകൾ ഉപയോഗിച്ചുള്ള മെമ്മറി ഗെയിമുകൾ, ബോർഡ് ഗെയിമുകൾ തുടങ്ങിയവ പഠനത്തിന് രസം പകരും.

## 3. സാംസ്കാരികപരമായ ഉൾപ്പെടുത്തൽ (Cultural Integration)

* അറബി ഭക്ഷണങ്ങൾ: അറബി സംസ്കാരത്തിൽ പ്രാധാന്യമുള്ള ഭക്ഷണങ്ങളെക്കുറിച്ച് ലളിതമായി പരിചയപ്പെടുത്തുക.

* വേഷവിധാനം: അറബി വേഷങ്ങളെക്കുറിച്ച് ലളിതമായി സംസാരിക്കുകയോ ചിത്രങ്ങൾ കാണിക്കുകയോ ചെയ്യാം.

* ആശംസാ കാർഡുകൾ: ഈദ്, റമദാൻ പോലുള്ള ആഘോഷങ്ങളെക്കുറിച്ച് ലളിതമായി പറഞ്ഞ്, അറബിയിലുള്ള ആശംസാ കാർഡുകൾ ഉണ്ടാക്കാൻ പ്രോത്സാഹിപ്പിക്കുക.

* അറബി സിനിമ/കാർട്ടൂൺ പ്രദർശനം: ലളിതമായ അറബി കാർട്ടൂണുകളോ കുട്ടികൾക്കുള്ള സിനിമകളോ ചെറിയ ഭാഗങ്ങളായി കാണിക്കുകയും അതിലെ വാക്കുകൾ പരിചയപ്പെടുത്തുകയും ചെയ്യാം.

## 4. സാങ്കേതിക വിദ്യയുടെ ഉപയോഗം (Use of Technology)

* അറബി ആപ്പുകൾ: അറബി ഭാഷ പഠിപ്പിക്കുന്നതിനുള്ള ആപ്പുകൾ പരിചയപ്പെടുത്തുകയും ക്ലാസ് റൂമിൽ ഉപയോഗിക്കുകയും ചെയ്യുക.

* ഇന്ററാക്ടീവ് ബോർഡുകൾ: ഇന്ററാക്ടീവ് ബോർഡുകൾ ഉപയോഗിച്ച് അറബി അക്ഷരങ്ങൾ എഴുതാനും വാക്കുകൾ പഠിക്കാനും അവസരം നൽകുക.

* ഓൺലൈൻ വിഭവങ്ങൾ: അറബി ഭാഷ പഠനത്തിനായുള്ള വെബ്സൈറ്റുകളും വീഡിയോകളും പ്രയോജനപ്പെടുത്തുക.

ഈ പ്രവർത്തനങ്ങൾ കുട്ടികളുടെ പ്രായത്തിനും താൽപ്പര്യങ്ങൾക്കും അനുസരിച്ച് ക്രമീകരിക്കാവുന്നതാണ്. കളികളിലൂടെയും ആസ്വാദ്യകരമായ പ്രവർത്തനങ്ങളിലൂടെയും അറബി ഭാഷ പഠനം കൂടുതൽ എളുപ്പവും രസകരവുമാക്കാൻ ഇത് സഹായിക്കും.

**ചുമതല**

അധ്യാപകൻ , SRG

**സാമ്പത്തികം**

പി ടി എ , എസ് എം സി ,സി പി ടി എ